**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1484** **19-09-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണത്തിന്റെ മെനുവിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്ക് മുൻപ് നൽകിക്കൊണ്ടിരുന്ന ഉച്ചഭക്ഷണ മെനുവിൽ കുട്ടികൾക്ക് ആവശ്യമായ പോഷകാംശങ്ങളുടെ (പ്രോട്ടീൻ, കാൽസ്യം, ഇരുമ്പ്, വിറ്റാമിൻ എ, ഫോളിക് ആസിഡ്) ലഭ്യതയിൽ കുറവുള്ളതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്നും, ഉച്ചഭക്ഷണം എന്നത് കുട്ടികൾ കഴിക്കുന്ന ആഹാരത്തിന്റെ മൂന്നിലൊന്ന് ആണെന്നതിനാൽ അവ പോഷക സമ്പുഷ്ടമാക്കുക എന്നത് ഉച്ചഭക്ഷണ പദ്ധതിയുടെ പ്രഥമ പരിഗണനാ വിഷയമായതുകൊണ്ടും, സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ മെനു ശാസ്ത്രീയമായി പരിഷ്കരിച്ചിട്ടുണ്ട്. കുട്ടികളിലെ രുചി മുകുളങ്ങൾ ഉണർത്തുന്നതിന് പരമ്പരാഗത രീതിയിലുള്ള ആഹാരത്തോടൊപ്പം പുതിയ രീതിയിലുള്ള ആഹാരം പോഷകസമ്പുഷ്ടമായി നൽകുക എന്നത് ലക്ഷ്യമിട്ടാണ് ഉച്ചഭക്ഷണ മെനുവിൽ മാറ്റംവരുത്തിയിട്ടുള്ളത്.<br>(പരിഷ്കരിച്ച ഉച്ചഭക്ഷണ മെനു അനുബന്ധമായി ചേർക്കുന്നു). |
| (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഓരോ കുട്ടിക്കും നിലവിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പുതുക്കിയ മെനു അനുസരിച്ച് ഭക്ഷണം നൽകുന്നതിന് അധികമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ; | (ബി) | 09.06.2025 തീയതിയിലെ ജി.ഒ. (സാധാ) നം. 3746/2025/പൊ.വി.വ പ്രകാരം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ മെറ്റീരിയൽ കോസ്റ്റ് 01.06.2025 പ്രാബല്യത്തിൽ ബാലവാടിക(പ്രീപ്രൈമറി), പ്രൈമറി എന്നിവയുടെ നിരക്ക് 6,78 ആയും അപ്പർ പ്രൈമറിയുടെ നിരക്ക് 10.17 ആയും 01.06.2025 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ മെനു അനുസരിച്ച് ഭക്ഷണം നൽകുന്നതിന് അധികമായി ഫണ്ട് അനുവദിച്ചിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിയ്ക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ പരിധിയിൽ നിന്നു കൊണ്ട് തന്നെ തയ്യാറാക്കാൻ കഴിയുമെന്ന മെനു പരിഷ്കരണത്തിനായി സർക്കാർ നിയോഗിച്ച വിദഗ്ധസമിതി അംഗങ്ങൾ കണ്ടെത്തുകയും അപ്രകാരം തിരഞ്ഞെടുത്ത |

| | | | |
|---|---|---|---|
| | | | ഇനങ്ങളുമാണ് പരിഷ്കരിച്ച മെനുവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഇതുവരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; വിശദാംശം നൽകുമോ; | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് 2024-25 വർഷ കുടിശ്ശിക ഒന്നും തന്നെ അനുവദിക്കാനില്ല. നടപ്പ് സാമ്പത്തിക വർഷം ജൂലൈ വരെയുള്ള തുക സ്കൂളുകൾക്ക് അനുവദിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ തുക വിതരണം ചെയ്യാനുണ്ട്. |
| (ഡി) | കുടിശ്ശിക വിതരണം ചെയ്യാനും ഉച്ചഭക്ഷണ പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കേന്ദ്രസർക്കാരിന്റെ ആദ്യ ഗഡു കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ആയത് ലഭ്ിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക വിതരണം നടത്താൻ കഴിയുന്നതാണ്.<br><br>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു കേന്ദ്ര-സംസ്ഥാന പദ്ധതിയായതിനാൽ കേന്ദ്രസർക്കാർ വിഹിതം ഉയർത്തുന്ന മുറയ്ക്കേ സംസ്ഥാനവിഹിതവും ഉയർത്തുന്നതിന് കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# സാമ്പിൾ മെനു

| | |
|---|---|
| സാമ്പിൾ മെനു – 1 | ഇനം<br>ചോറ്<br>ക്യാബേജ് തോരൻ<br>സാമ്പാർ |
| | |
| സാമ്പിൾ മെനു – 2 | ചോറ്<br>പരിപ്പ് കറി<br>ചീര തോരൻ |
| | |
| സാമ്പിൾ മെനു – 3 | ചോറ്<br>കടല മസാല<br>കോവയ്ക്ക തോരൻ |
| | |
| സാമ്പിൾ മെനു – 4 | ചോറ്<br>ഓലൻ<br>വാഴക്കുമ്പ് തോരൻ |
| | |
| സാമ്പിൾ മെനു – 5 | ചോറ്<br>സോയ കറി<br>കാരറ്റ് തോരൻ |
| | |
| സാമ്പിൾ മെനു – 6 | ചോറ്<br>വെജിറ്റബിൾ കുറുമ<br>ബീറ്റ്റൂട്ട് തോരൻ |
| | |
| സാമ്പിൾ മെനു – 7 | ചോറ്<br>തീയൽ<br>ചെറുപയർ തോരൻ |
| | |
| സാമ്പിൾ മെനു –8 | ചോറ്<br>എരുശ്ശേരി<br>മുതിര തോരൻ |
| | |
| സാമ്പിൾ മെനു –9 | ചോറ്<br>പരിപ്പ് കറി<br>മുരിങ്ങയില തോരൻ |
| | |
| സാമ്പിൾ മെനു –10 | ചോറ്<br>സാമ്പാർ<br>മുട്ട അവിയൽ / മുട്ട റോസ്റ്റ് |
| | |

| | |
|---|---|
| സാമ്പിൾ മെനു –11 | ചോറ്<br>പൈനാപ്പിൾ പച്ചടി<br>കൂട്ടുകറി |
| | |
| സാമ്പിൾ മെനു –12 | ചോറ്<br>പനീർ കറി<br>അച്ചിങ്ങ പയർ തോരൻ (നീളൻ പയർ) |
| | |
| സാമ്പിൾ മെനു –13 | ചോറ്<br>ചക്കക്കുരു പുഴുക്ക്<br>അമരയ്ക്ക തോരൻ |
| | |
| സാമ്പിൾ മെനു –14 | ചോറ്<br>വെള്ളരിക്ക പച്ചടി<br>വൻപയർ തോരൻ |
| | |
| സാമ്പിൾ മെനു –15 | ചോറ്<br>വെണ്ടയ്ക്ക മപ്പാസ്<br>കടല മസാല |
| | |
| സാമ്പിൾ മെനു –16 | തേങ്ങാ ചോറ്<br>വെജിറ്റബിൾ കുറുമ |
| | |
| സാമ്പിൾ മെനു –17 | മുട്ട ബിരിയാണി<br>വെജിറ്റബിൾ മോളി |
| | |
| സാമ്പിൾ മെനു –18 | കാരറ്റ് റൈസ്<br>പെപ്പർ എഗ്ഗ് റോസ്റ്റ് |
| | |
| സാമ്പിൾ മെനു –19 | ചോറ്<br>ദാൽ കുറുമ<br>അവിയൽ |
| | |
| സാമ്പിൾ മെനു –20 | ലെമൺ റൈസ്<br>കടല മസാല |

## ചമ്മന്തി വിഭവം

| ഇനം |
| --- |
| പുതിന ചമ്മന്തി |
| നെല്ലിക്ക ചമ്മന്തി |
| മാങ്ങ ചമ്മന്തി |
| മല്ലിയില ചമ്മന്തി |

## സ്പെഷ്യൽ വിഭവം

| ഇനം |
| --- |
| അവൽ നനച്ചത്<br>(കുതിർത്തത്/വിളയിച്ചത്) |
| റാഗി ബാൾസ് |
| ഇല അട |
| സേമിയ പായസം |
| ക്യാരറ്റ് പായസം |
| മില്ലറ്റ് പായസം |